**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2755** **06-10-2025 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കല്ല്യാശ്ശേരി മണ്ഡലത്തിൽ കെ. എസ്. ഇ. ബി. മുഖേന എത്ര ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകളാണ് സ്ഥാപിച്ചിട്ടുള്ളത്; ഇവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (എ) | കല്ല്യാശ്ശേരി മണ്ഡലത്തിൽ കെ എസ് ഇ ബി എൽ മുഖേന 6 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. പട്ടിക **അനുബന്ധം** ആയി ചേർത്തിരിക്കുന്നു.<br><br>സ്റ്റേഷനുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി എക്സിക്യൂട്ടീവ് എൻജിനീയർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ എൻജിനീയർ ഇൻ ചാർജ് ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ചാർജിംഗ് സ്റ്റേഷൻ സ്ഥാപിച്ച കമ്പനിയുമായി അഞ്ച് വർഷത്തെ ആനുവൽ മെയിന്റനൻസ് കോൺട്രാക്ടിൽ ഏർപ്പെട്ടിട്ടുമുണ്ട്. കൂടാതെ ദേശീയപാത വികസനം, പാർക്കിംഗ് സ്ഥലലഭ്യതക്കുറവ്, മറ്റ് സാങ്കേതിക തടസ്സങ്ങൾ, തുടങ്ങിയ കാരണങ്ങളാൽ നിലവിലുള്ള പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ മാറ്റി സ്ഥാപിക്കേണ്ട സാഹചര്യം ഉണ്ടാകുന്ന പക്ഷം ഇത്തരം സ്റ്റേഷനുകൾ കൂടുതൽ അനുയോജ്യമായ സ്ഥലങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നതായും കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Pole Mounted Charging Stations Installed at Kalliasseri Constituency | | |
|---|---|---|
| Sl No. | Landmark | Section |
| 1 | Pazhayangady Near Post Office | Pazhayangady |
| 2 | Pilathara Near Petrol Pump | Pazhayangady |
| 3 | Mattoor Near Gov. Hospital | Madai |
| 4 | Pariyaram Near Medical Collage | Pariyaram |
| 5 | Cherukunnu Near KSEB Office | Cherukunnu |
| 6 | Pazhayangady Railway Station | Madai |